പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5574 02.11. 2016 ൽ മറുപടിക്ക്

# ഉപഭോക്താക്കൾക്കു നൽകുന്ന വൈദ്യുതി ബിൽ

ചോദ്യം

ശ്രീ.എൻ.എ.നെല്ലിക്കുന്ന്.

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഉപഭോക്താക്കൾക്കു വൈദ്യുതി ബിൽ നൽകുന്ന രീതി എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ പ്രെമിസസിൽ മീറ്റർ റീഡർ/ സബ്ബ് എഞ്ചിനീയർ എത്തി റീഡിങ് എടുത്തതിന് ശേഷം അതിനനുസരിച്ച് ബിൽ ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. കണക്റ്റഡ് ലോഡ്, വൈദ്യുതി എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നു, എന്നിവ അടിസ്ഥാനമാക്കി പ്രതിമാസ/ദ്വൈമാസ കണക്കിൽ ബിൽ ചെയ്യുന്നു. ബഹുഭൂരിപക്ഷം ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കൾക്കും മീറ്റർ റീഡർമാർ മുഖേന വൈദ്യുതി ബിൽ രണ്ടു മാസത്തിലൊരിക്കൽ ഉപഭോക്താക്കളിൽ എത്തിക്കുന്ന സംവിധാനമാണ് കെ.എസ്.ഇ.ബി.എൽ. ൽ പിൻതുടർന്നു വരുന്നത്. മീറ്റർ റീഡർമാർ റീഡിംഗ് എടുത്ത ശേഷം റെഡിറെക്കണർ മുഖേന ബിൽ തുക കണക്കാക്കുകയും ഉപഭോക്താവിന് ബിൽ നേരിട്ട് നൽകുകയും ചെയ്യുന്നു. റീഡിങ് "Input" ചെയ്താൽ "Machine Calculated" ആയി ബിൽ നൽകുന്ന "PDA" എന്ന ഉപകരണം കെ.എസ്.ഇ.ബി. മീറ്റർ റീഡർമാർക്ക് നൽകിത്തുടങ്ങിയിട്ടുണ്ട്. ഈ ഉപകരണത്തിൽ നിന്നും ബിൽതുക രേഖപ്പെടുത്തി ലഭിക്കുന്ന ബിൽ മീറ്റർ റീഡർമാർ ഉപഭോക്താക്കൾക്ക് നേരിട്ട് നൽകുന്നു. |
| (ബി) നേരത്തെ നൽകിയിരുന്ന വിശദ വിവരങ്ങളോടു കൂടിയ വലുപ്പത്തിലുള്ള ബില്ലിനു പകരം ബസ് ടിക്കറ്റ് പോലെയുള്ള തുണ്ടു കടലാസിൽ ബില്ല നൽകുമ്പോൾ ഉപഭോക്താക്കൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (ബി) പി.ഡി.എ. വഴി നൽകി വരുന്ന ബില്ലിൻറെ വലിപ്പം കുറവാണെങ്കിലും മീറ്റർ റീഡർ റീഡിംഗ് കൈകൊണ്ടെഴുതി നൽകി വന്നിരുന്ന ബില്ലിലുള്ള എല്ലാ വിവരങ്ങളും പി.ഡി.എ. വഴി നൽകുന്ന ബില്ലിലും ഉണ്ട്. |
| (സി) ഇപ്പോൾ നൽകുന്ന തുണ്ടു കടലാസിൽ വിശദമായ വിവരങ്ങൾ ഇല്ലെന്ന് മാത്രമല്ല അത് എളുപ്പം നഷ്ടപ്പെട്ടു പോകുകയും ചെയ്യുമെന്നതിനാൽ ഇതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) പി.ഡി.എ. വഴി നൽകുന്ന ബില്ലിനു പുറമെ 25.10.2016 മുതൽ നിലവിൽ വന്ന "ഊർജ്ജ- സൗഹൃദ" പദ്ധതി വഴി ബിൽ സംബന്ധിച്ച വിവരങ്ങൾ - ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോൺ വഴിയും, ഇ-മെയിലായും അറിയിക്കുന്നുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. യുടെ വെബ്സൈറ്റ് www.kseb.in വഴി ഉപഭോക്താവിന് വൈദ്യുതി ബിൽ കാണുന്നതിനും പ്രിൻറ് എടുക്കുന്നതിനും സാധിക്കും. ഇതിനു പുറമേ കെ.എസ്.ഇ.ബി.എൽ. ന്റെ ഓൺ ലൈൻ പോർട്ടലിൽ (wss.kseb.in) രജിസ്റ്റർ ചെയ്യുന്ന |

| | |
|---|---|
| | ഉപഭോക്താക്കൾക്ക് കഴിഞ്ഞ ഒരു വർഷത്തെ താഴെ പറയുന്ന വിശദ വിവരങ്ങൾ ലഭ്യമാണ്<br>• മീറ്റർ റീഡിംഗുകൾ<br>• ബിൽ സംബന്ധിച്ച വിവരങ്ങൾ<br>• പണമടച്ചതിന്റെ വിശദവിവരങ്ങൾ. |

സെക്ഷൻ ഓഫീസർ